www.gospelinmalayalam.com

# CHAPTER 2

## ക്രിസ്തീയ സ്വഭാവം പ്രവൃത്തിയിൽ കാണണം

ഈ അദ്ധ്യായം മുഴുവൻ വിശ്വാസികൾ എപ്രകാരം തങ്ങളുടെ ക്രിസ്തീയ സ്വഭാവം പ്രവൃത്തിയിൽ കാണിക്കണം എന്നു വിവരിക്കുന്നു. എല്ലാ പ്രായത്തിലുള്ളവരെയും ശരിയായ സ്വഭാവ ശ്രേഷ്ഠത എപ്രകാരം ആയിരിക്കണം എന്നു പ്രബോധിപ്പിക്കുന്നു.

2:1-2 **വൃദ്ധന്മാർക്കുള്ള ഉപദേശം**

വൃദ്ധന്മാർ നിർമ്മദർ (sober) ആയിരിക്കണം. ജീവിതം ധാരാളം കാര്യങ്ങൾ പഠിപ്പിച്ചു.

ജഢിക തൃപ്തിയും സുഖവും അതിന്റെ അർത്ഥമില്ലായ്മയും വ്യക്തമായി മനസ്സിലാക്കി. ജീവിതത്തെ നശിപ്പിക്കാൻ മാത്രം ഉതകുന്ന ലോക ഇമ്പങ്ങളോടു പൂർണ്ണ മായും അകൽച്ച പ്രാപിച്ചു.

ഇന്ന് സ്വഭാവത്തിൽ അത് പ്രകടമായി കാണാൻ എല്ലാവർക്കും കഴിയുന്നു. ഇതാണ് നിർമ്മദർ (sober) ആയിത്തീരുന്ന സ്വഭാവ വിശേഷം.

**വൃദ്ധന്മാർ ഗൗരവമുള്ളവർ (serious) ആയിരിക്കണം .**

യഥാർത്ഥ സത്യപാതയിൽ നിലനിൽക്കുന്ന വിഷയത്തിൽ ഗൗരവം ഉള്ളവർ. മൗനം ഭജിച്ച് ആരോടും ഇടപെടാതെ അകന്നു നിൽക്കുക എന്നതല്ല. താൻ ജീവിതത്തിൽ ധാരാളം കാര്യങ്ങൾ അനുഭവിക്കയും മനസ്സിലാക്കുകയും ചെയ്തു. ഇത്രത്തോളം ദൈവം നടത്തി. ഇനി ഒറ്റ ആശയേ ബാക്കിയുള്ളു. അത് ദൈവസന്നിധിയിലേക്കുള്ള യാത്രയുടെ പ്രത്യാശ.

ആ ലക്ഷ്യം മുമ്പിൽ വച്ചുകൊണ്ട് വിശ്വാസ വിഷയങ്ങളിൽ ഗൗരവം കാണിക്കുന്ന വ്യക്തിയായി വൃദ്ധൻമാർ കാണപ്പെടണം.

**വൃദ്ധന്മാർ സുബോധമുള്ളവർ (prudent) ആയിരിക്കണം .**

ശരിയായ കാര്യങ്ങളെ വിവേചിച്ച് അറിയുവാനും മനസ്സിലാക്കുവാനും ഉള്ള മനസ്സിന്റെ കഴിവും ശുദ്ധിയുള്ള മനസ്സിന്റെ ഈ കഴിവ് തെറ്റായ ഉപദേശങ്ങളെയും താല്പര്യങ്ങളെയും തുടക്കത്തിൽ തന്നെ മനസ്സിലാക്കി മറ്റുള്ളവരെ ഉപദേശിപ്പാൻ ശക്തി നൽകുന്നു.

പ്രായം കൂടുംതോറും ജ്ഞാനം വർദ്ധിക്കണം. ചില വ്യക്തികൾ ഈ പക്വതയിൽ എത്താറില്ല.

പ്രായം കൂടുംതോറും ശരീരത്തിന്റെ ആരോഗ്യം കുറഞ്ഞേക്കാം.

എന്നാൽ 3 വിഷയങ്ങളിൽ ആരോഗ്യം വർദ്ധിക്കണം. സ്നേഹം, വിശ്വാസം, സഹിഷ്ണത.

Healthy in Love, healthy in Faith, healthy in Perseverance.

മറ്റുള്ളവരുടെ തെറ്റുകളെ സഹാനുഭൂതിയോടെ കാണാനും അവരെ സ്നേഹിക്കാനും കഴിയണം.

കർത്താവുമായുള്ള വ്യക്തി ബന്ധത്തിലും പ്രത്യാശയിലും വളരണം.

ഏതു ബുദ്ധിമുട്ടും ഭൗതികമായുണ്ടാകാവുന്ന കഷ്ടങ്ങളും സഹിപ്പാനുള്ള കരുത്ത് വർദ്ധിച്ചു വരണം.

2:3-5 **വൃദ്ധന്മാർക്കുള്ള ഉപദേശം**

ആദിമ ക്രിസ്തീയ സഭയിൽ വൃദ്ധന്മാർക്കു ബഹുമാനമുള്ള ഉത്തരവാദിത്വമുള്ള പദവി കൊടുത്തിരുന്നു.

യുവതികളെ മാത്രമല്ല, യുവാക്കളെയും ഉപദേശിപ്പാനും നല്ല ക്രിസ്തീയ സാക്ഷ്യത്തിന് യോഗ്യരുമായി തീർക്കുന്നതിൽ ഈ വല്യമ്മച്ചിമാർ (Grand Mother) വലിയ ശുശ്രൂഷ നിർവഹിച്ചിരുന്നു.

fleettech@gmail.com

www.gospelinmalayalam.com

ഓരോ ക്രിസ്തീയ വിശ്വാസിയും ഓർക്കണം 'എന്നെ വിളിച്ചിരിക്കുന്നത് ഒരു വിശുദ്ധ ജീവിതത്തിനാണ്' എന്ന്. പരിപാവനമായ ഒരു കൂട്ടത്തെയാണ് നാം കൂടിവരുമ്പോൾ കാണേണ്ടത്.

ഈ കാര്യം നാം ശ്രദ്ധിച്ചാൽ മതി എല്ലാ വാഗ്വാദങ്ങളും, അസഹിഷ്ണതകളും, കുറ്റം പറച്ചിലുകളും എല്ലാമെല്ലാം മാറിപ്പോകും.

വൃദ്ധന്മാർക്കുള്ള ഉപദേശം അവർ നടപ്പിൽ പവിത്രയോഗ്യർ ആയിരിക്കണം എന്ന്.

വൃദ്ധന്മാർ ഏഷണി പറയാത്തവർ ആയിരിക്കണം. സഭയുടെ ആത്മീയ വർദ്ധനയ്ക്കു തടസ്സമായി നിൽക്കുന്ന ഏഷണി പറച്ചിൽ (Spreading Slanderous Stories) ഒട്ടുംതന്നെ പാടില്ല.

വൃദ്ധന്മാർ വീഞ്ഞിന് അടിമപ്പെടാത്തവർ ആയിരിക്കണം. ഇത് വൃദ്ധന്മാർക്കു മാത്രമുള്ള ഉപദേശം അല്ല. എല്ലാ വിശ്വാസികൾക്കും ഉള്ള ഉപദേശം തന്നെ.

വൃദ്ധന്മാർ യുവതികളെ വിശുദ്ധമായ ക്രിസ്തീയ ജീവിതം നയിക്കുവാൻ തക്കവണ്ണം ഉപദേശിക്കയും സഹായിക്കയും ചെയ്യുന്നവർ ആയിരിക്കണം. ഇത് വലിയൊരു ഉത്തരവാദിത്വം ആകുന്നു.

**യുവതികൾക്കുള്ള ഉപദേശം (സഹോദരിമാർക്കുള്ള ഉപദേശം)**

അ.പൗലൂസ് തീത്തൂസിന് ഈ ഉപദേശം കൊടുക്കുന്ന സമയത്തെ ഗ്രീക്കു സമൂഹത്തിൽ സ്ത്രീകളുടെ പ്രവർത്തന മണ്ഡലം വളരെ ചുരുങ്ങിയതായിരുന്നു.

ഭാര്യ അഥവാ അമ്മമാർ ഭവനത്തിന്റെ ഉള്ളിൽ തന്നെയുള്ള കാര്യങ്ങൾ മാത്രം ശ്രദ്ധിച്ചാൽ മതി.

പൊതുസ്ഥലങ്ങളിൽ അവരെ തനിയെ കാണുന്നത് വളരെ വിരളമായിരുന്നു.

വി. പൗലൂസ് അന്നു നിലനിന്നിരുന്ന സാമൂഹ്യവ്യവസ്ഥയെ മാനിച്ചുതന്നെയാണ് ഈ ഉപദേശം കൊടുത്തത്.

യുവതികളായ ഭാര്യ/അമ്മ ഭർത്തൃപ്രിയർ ആയിരിക്കണം. ഭർത്താവിന് പൂർണ്ണമായും വിധേയപ്പെട്ട് ജീവിക്കുന്നവർ ആയിരിക്കണം.

ഭാര്യ/അമ്മമാരുടെ വലിയ ശുശ്രൂഷയാണ് മക്കളെ അനുസരണത്തിലും ഭക്തിയിലും വളർത്തിക്കൊണ്ടു വരിക എന്നത്. ഈ ഉത്തരവാദിത്വം ഇന്നും എന്നും സമൂഹത്തിൽ നിലനിൽക്കുന്നു.

സുബോധവും പാതിവ്രത്യവും ഉള്ളവർ - വിവേകത്തോടെ കാര്യങ്ങൾ നടത്താൻ കഴിയണം. അതുപോലെ ജീവിതവിശുദ്ധി പാലിക്കാനും കഴിയണം.

'ദയയും അനുകമ്പയും' ഉള്ളവർ ആയിരിക്കണം. ഇത് കർത്താവ് നമ്മെ പഠിപ്പിച്ച പാഠം തന്നെ.

ഈ പറഞ്ഞ നിലയിൽ ഉപദേശം കൊടുക്കുന്നതിൽ വൃദ്ധന്മാർ ശ്രദ്ധിക്കണം.

2:6 **യുവാക്കൾക്കുള്ള ഉപദേശം**

യുവാക്കൾക്കുള്ള ഉപദേശം ഒരു വാക്കിൽ വി. പൗലൂസ് ഉൾക്കൊള്ളിച്ചു.

യുവാക്കൾ സുബോധമുള്ളവർ ആയിരിപ്പാൻ പ്രബോധിപ്പിക്ക.

സുബോധമുള്ളവർ (prudent) അകമെയും പുറമെയും സകലത്തിലും പൂർണ്ണ നിയന്ത്രണവും ശിക്ഷണവും പുലർത്തുന്ന വ്യക്തികൾ ആകുക.

ജീവിതത്തെ എല്ലായ്പ്പോഴും സുരക്ഷയിൽ നിനിർത്താനുതകുന്ന മനസ്സിന്റെ യോഗ്യതയും തയ്യാറെടുപ്പും ഉള്ള വ്യക്തിത്വം നിലനിർത്തുക.

യൗവ്വനസമയം ജീവിതത്തിലെ ഒരു അപകട മേഖലയാണ്.

ചെറുപ്പത്തിന്റെ രക്തത്തിളപ്പിൽ വിവിധ താല്പര്യങ്ങളും ജഢത്തിന്റെ സ്വാധീനവും ആഗ്രഹങ്ങളും എല്ലാം വഴിതെറ്റിച്ചു കളയാൻ സാധ്യത വളരെയുള്ള സമയമാണ്.

fleettech@gmail.com

www.gospelinmalayalam.com

തീയതിലേക്കു വഴുതിവീഴാനുള്ള ഈ അവസരങ്ങൾ വളരെ കൂടുതലുള്ള സമയമാണ് യൗവ്വനം.

പരീക്ഷണങ്ങൾ അനവധി കടന്നുവരും.

സ്വന്ത ഭവനത്തിൽനിന്ന് അകന്ന് ജോലിയും പഠനവും ഒക്കെ നിമിത്തം തനിയെ പാർക്കാനിടയാകുന്ന അവസ്ഥയിൽ വളരെ ശ്രദ്ധിച്ചില്ലെങ്കിൽ തോല്വി ഉറപ്പ്.

ഈ സമയം വ്യക്തിപരമായി ഉത്തരവാദിത്വങ്ങൾ ഇല്ല. risk എടുത്ത് പെട്ടന്ന് സമ്പന്നനാകാനുള്ള മോഹം ആകർഷിക്കാൻ ഇടയുണ്ട്.

ജീവിതത്തെ പക്വതയിലെത്തും മുമ്പ് തകർക്കാനുള്ള എല്ലാ വഴികളും മുമ്പിലുണ്ട്.

മുൻപരിചയം ഒട്ടുംതന്നെ സ്വന്തമായിട്ടില്ല എങ്കിലും പുതിയ സംരംഭങ്ങളിലേക്ക് ആലോചന കൂടാതെ ചാടിവീഴാനുള്ള തിടുക്കം തകർച്ചയെ വിളിച്ചു വരുത്തു.

ഒരു ചെറുപ്പക്കാരൻ പുതിയ കാർ വളരെ വേഗത്തിൽ ഓടിക്കും. കാരണം അമിത വേഗം ആപത്തു വരുത്തും എന്നുള്ള മുൻപരിചയം ഇല്ല. എന്നാൽ പക്വതയിലെത്തിയ ഒരു മധ്യവയസ്കൻ തികഞ്ഞ സാവധാനത്തോടെ മാത്രമേ വണ്ടി ഓടിക്കൂ.

experience വാങ്ങാൻ കിട്ടുകയില്ല. അത് പ്രായംകൊണ്ട് മാത്രമേ സമ്പാദിക്കുവാൻ കഴിയൂ.

അതുകൊണ്ട് ചെറുപ്പക്കാർ 'സുബോധം' സമ്പാദിക്കാൻ ശ്രദ്ധിക്കണം. സ്വന്ത ജീവിതത്തെ നിയന്ത്രിക്കാൻ പഠിക്കാതെ, മറ്റുള്ളവരെ സേവിപ്പാൻ പ്രാപ്തിയുണ്ടാകയില്ല.

Prov 16:32 ദീർഘക്ഷമയുള്ളവൻ യുദ്ധവീരനിലും ജിതമാനസൻ പട്ടണം പിടിക്കുന്നവനിലും ശ്രേഷ്ഠൻ. (ദീർഘക്ഷമയുള്ളവൻ - He who is slow to anger) ജിതമാനസൻ He that rules his spirit)

സ്വയശിക്ഷണം ജീവിതവിജയത്തിന് അത്യന്താപേക്ഷിതം തന്നെ.

യൗവ്വനത്തിന്റെ ചോരത്തിളപ്പിനെ സ്വയശിക്ഷണത്തിലൂടെ നല്ലപാതയിൽ നയിക്കാൻ കഴിഞ്ഞാൽ ജീവിതത്തെതന്നെ ഉന്നതിയുടെ കൊടുമുടിയിൽ എത്തിക്കാൻ കഴിയും.

2:7-8 **ക്രിസ്തീയ നേതൃത്വത്തിൽ ഉള്ളവർക്കുള്ള ഉപദേശം** (Christian Teachers)

അ. പൗലൂസ് തിത്തോസിനു കൊടുക്കുന്ന ഉപദേശം. 'തീത്തോസേ നീ പ്രസംഗിക്കുന്ന വിഷയത്തിന് സ്വന്ത ജീവിതത്തിൽ തന്നെ സാക്ഷ്യം വഹിക്കണം. വിരോധി യാതൊരു അപവാദവും പറയാൻ വകയില്ലാതെ ലജ്ജിക്കണം. നീ ഒരു മാതൃകാ ജീവിതം കാഴ്ചവയ്ക്കണം.

1. Your motives must be pure (ഉദ്ദേശങ്ങൾ വിശുദ്ധിയുള്ളതായിരിക്കണം)

ഒരു ക്രിസ്തീയ വേലക്കാരൻ അഥവാ ക്രിസ്തീയ നേതൃത്വത്തിൽ പ്രവർത്തിക്കുന്ന വ്യക്തി ഒരു കാര്യം ഉറപ്പാക്കണം. താൻ ചെയ്യുന്ന പ്രവൃത്തികൾ/പ്രസ്ഥാനങ്ങൾ ദൈവത്തിനു മഹത്വം വരുത്തുന്നതായിരിക്കണം.

എന്നാൽ ഈ രംഗത്ത് പൊതുവേ ലക്ഷ്യം മാറിപ്പോകുന്നത് ദർശിക്കാൻ ധാരാളം ആൾക്കാർ ഉണ്ട്.

സ്വന്ത പ്രശസ്തി ലക്ഷ്യമാക്കി പ്രവർത്തിക്കുന്നവർ ഉണ്ട്.

സ്വന്ത അധികാരം ഉറപ്പിക്കാനായി രഹസ്യമായി കാര്യങ്ങൾ നിയന്ത്രിക്കുന്നവർ ഉണ്ട്.

പേരും പെരുമയും പ്രശസ്തിയും ഉള്ള ക്രിസ്തീയ നേതാവിനെക്കാൾ സ്വർഗ്ഗം മാനിക്കുന്നത് ആരാലും അറിയപ്പെടാതെ രഹസ്യമായി ദൈവമഹത്വം മാത്രം ലക്ഷ്യംവച്ചുകൊണ്ട് സാധാരണ ജനത്തിനിടയിൽ വേലചെയ്യുന്ന പാവപ്പെട്ട ശുശ്രൂഷകരെ ആയിരിക്കും.

2. You must have Dignity (സൗമ്യതയും മാന്യതയുമുള്ള വ്യക്തി ആകണം)

അഹന്തയോ, സാധാരണ ജനത്തോട് വിമുഖതയോ മർക്കടസ്വഭാവമോ പാടില്ല.

fleettech@gmail.com

www.gospelinmalayalam.com

എന്നാൽ ഹൃദയം നിറഞ്ഞു നിൽക്കുന്ന തന്റെ ഉത്തരവാദിത്വത്തെപ്പറ്റിയുള്ള ചിന്ത ഇതായിരിക്കണം - ഞാൻ ക്രിസ്തുവിന്റെ സ്ഥാനപതി (Ambassador) ആണ്.

ആരോടും വിരോധം ഹൃദയത്തിൽ വച്ചു പുലർത്തരുത്. (No grudges)

ആരോടും കൈപ്പായി ഇടപെടരുത്. (No Bitterness)

ഒരു ജീവിത സാഹചര്യങ്ങളെപ്പറ്റിയും പരാതി വച്ചു പുലർത്തരുത്. ക്രിസ്തുവിന്റെ താഴ്മ, ഹൃദയത്തിൽ നിറയുമ്പോൾ ഒരു സാഹചര്യവും നമുക്ക് പരാതിപ്പെടാൻ ഇട തരില്ല.

ഒന്നിനും നമ്മെ കോപാകുലരാക്കാൻ ഇടയാകരുത്. (Not be provoked)

ക്രിസ്തുവിന്റെ സ്ഥാനപതി ക്രിസ്തുവിന്റെ ഭാവം ഉള്ള വ്യക്തി ആണെന്ന് മറക്കരുത്.

3. Your message must be Sound (ക്രിസ്തുവിന്റെ സത്യ ഉപദേശം ദൂത് ആയിരിക്കണം).

സ്വന്ത ചിന്തകളും ഭാവനകളും അല്ല, സത്യ സുവിശേഷം ആകണം പ്രസംഗിക്കേണ്ടത്.

പല കാര്യങ്ങളിലും ഇടപെടേണ്ടി വരാം. എന്നാൽ ആത്മാക്കളെ ക്രിസ്തുവിനായി നേടുക എന്ന ലക്ഷ്യത്തിനു യോജിക്കുന്ന വിഷയങ്ങൾക്കാകണം മുൻഗണന കൊടുക്കുന്നത്.

വി. പൗലൂസ് തിമോത്തിയോസിനു കൊടുക്കുന്ന ഉപദേശം ഘനമേറിയതുതന്നെ:

തിമോത്തിയോസേ, നീ പ്രസംഗിച്ചാൽ പോരാ, നീ പ്രസംഗിക്കുന്നത് നിന്റെ ജീവിതത്തിൽ തന്നേ കാണിച്ചു കൊടുക്കുക.

2:9-10 **ക്രിസ്തീയവിശ്വാസത്തിൽ വന്ന തൊഴിലാളികൾക്കുള്ള ഉപദേശം** (Advice to workers)

ഒന്നാം നൂറ്റാണ്ടിലെ ക്രിസ്തീയ സഭ നേരിട്ട വലിയ പ്രശ്നങ്ങളിൽ ഒന്ന് "ഈ തൊഴിൽ ചെയ്യുന്ന വിശ്വാസികൾ അനുഭവിച്ച പ്രയാസങ്ങളും പ്രതികൂലങ്ങളും ആയിരുന്നു."

രണ്ടു തരത്തിൽ ഈ പ്രശ്നങ്ങൾ നിലനിന്നു.

1. Master is not a believer (ജയമാനൻ വിശ്വാസി അല്ല)

ഒന്നാം നൂറ്റാണ്ടിൽ ക്രിസ്തീയ സുവിശേഷം അറിയിക്കുവാനുള്ള സ്വാതന്ത്ര്യമോ വഴികളോ വളരെ കുറവായിരുന്നു.

പിന്നെ എങ്ങനെ ഈ രക്ഷയുടെ ദൂത് ജനം അറിയും?

ക്രിസ്തീയ വിശ്വാസത്തിലേക്ക് വന്ന സമൂഹത്തിൽ താഴേക്കിടയിലുള്ള 'അടിമകളും തൊഴിൽ ചെയ്യുന്ന തൊഴിലാളികളും' സുവിശേഷീകരണത്തിൽ വലിയ പങ്ക് വഹിച്ചു.

തങ്ങൾ വേല ചെയ്യുന്ന ഇടങ്ങളിൽ തങ്ങളുടെ പ്രവൃത്തിയിലൂടെ ക്രിസ്തീയസാക്ഷ്യം പ്രകടമാക്കി.

എങ്ങനെ വേലചെയ്യണം, എങ്ങനെ യജമാനന്മാരെ സന്തോഷിപ്പിക്കണം, വിശ്വസ്തതയോടും, അനുസരണയോടും, സൗമ്യതയോടും കൂടെ തങ്ങൾ നിറവേറ്റുന്ന ജോലികൾ അവിശ്വാസികൾക്കും, യജമാനന്മാർക്കും ക്രിസ്തുയ സഭയുടെ സ്വഭാവം എന്തെന്ന് കാണിച്ചു കൊടുത്തു.

2. Master is a believer (യജമാനൻ വിശ്വാസി ആണ്)

വിശ്വാസിയായ ഒരു യജമാനന്റെ കീഴിൽ ജോലിചെയ്യുന്ന വിശ്വാസി തന്റെ ജോലിയിൽ മറ്റുള്ളവർക്കു ലഭിക്കാത്ത ആനുകൂല്യങ്ങളും പ്രതിഫലവും പ്രതീക്ഷിച്ചു എന്നിരിക്കട്ടെ.

എന്നാൽ വി. പൗലൂസ് ഈ സാഹചര്യത്തിൽ ക്രിസ്തീയ വിശ്വാസി എപ്രകാരം പ്രവർത്തിക്കണം എന്ന് വ്യക്തമായി ഉപദേശിച്ചു.

1. അനുസരണം ഉള്ള തൊഴിലാളി - യേശുക്രിസ്തുവിൽ ജീവിക്കുന്ന വിശ്വാസി തൊഴിലിൽ പൂർണ്ണ അനുസരണവും ശിക്ഷണവും കാണിക്കണം.

fleettech@gmail.com

www.gospelinmalayalam.com

2. കാര്യക്ഷമതയുള്ള തൊഴിലാളി - ചെയ്യുന്ന ജോലി efficient ആയി നിറവേറ്റണം. തന്റെ നിലയിലുള്ള മറ്റുള്ള ജോലിക്കാരിൽ ഒട്ടുംതന്നെ കുറയാത്ത production കൊടുക്കാൻ വിശ്വാസി ബാധ്യസ്ഥൻ.

3. തന്റെ പദവി (Title)യോട് ബഹുമാനം (Respect for his title)- താൻ ചെയ്യുന്ന ജോലിയോട് ബഹുമാനം കാണിക്കണം. ദൈവം ആണ് എന്നെ ഈ സ്ഥാനത്ത് നിർത്തിയിരിക്കുന്നത് എന്നോർത്ത് പ്രവർത്തിക്കണം.

4. തന്റെ വേലയിൽ വിശ്വസ്തത പുലർത്തണം (Honest in the Job) - മറ്റനേകരും അവിശ്വസ്തത കാണിച്ചെന്നു വരാം. എന്നാൽ വിശ്വാസി തന്റെ ജോലിയിൽ പൂർണ്ണ വിശ്വസ്തത കാണിപ്പാൻ വിളിക്കപ്പെട്ടിരിക്കുന്നു.

5. Loyalty & Faithfulness - തന്റെ Master ക്ക് തന്നിൽ പൂർണ്ണമായും Trust ചെയ്യാൻ കഴിയത്തക്ക കാര്യക്ഷമതയും വിശ്വസ്തതയും വിശ്വാസി കാണിക്കണം.

ലഭിച്ച ക്രിസ്തീയ വിശ്വാസം തന്റെ ജോലിയിൽ തിളങ്ങണം.

2:11 **"സകല മനുഷ്യർക്കും രക്ഷാകരമായ ദൈവകൃപ ലഭിച്ചുവല്ലോ"**

ദൈവത്തിന്റെ കൃപ പ്രാപിച്ച ഓരോ ക്രിസ്തീയ വിശ്വാസിയും അനുഗ്രഹിക്കപ്പെട്ട ജീവിതം നയിക്കണം.

എന്താണ് കൃപ? ദൈവം നമ്മോട് മനസ്സലിവ് കാണിച്ചു എന്ന അത്ഭുത വിഷയം.

നമ്മുടെ കർത്താവായ യേശുക്രിസ്തു ഭൂമിയിൽ വന്നപ്പോൾ ഈ ദൈവത്തിന്റെ കൃപ നമുക്കു ദൃശ്യമായി.

സൂര്യൻ പ്രഭാതത്തിൽ ഭൂമിമേൽ പ്രകാശിക്കുന്നതുപോലെ ഭൂമിയിലുള്ള എല്ലാ മനുഷ്യർക്കും വേണ്ടി ദൈവം യേശുക്രിസ്തുവിനെ ഭൂമിയിലേക്ക് അയച്ചു. ദൈവകൃപ ഭൂമിയിൽ വ്യാപരിച്ചു.

എല്ലാവരും ഈ സൗജന്യമായി നൽകപ്പെട്ട 'കൃപ' വിശ്വാസത്താൽ സ്വന്തമാക്കി രക്ഷയുടെ അനുഭവത്തിൽ എത്തണം എന്ന് ദൈവം ആഗ്രഹിക്കുന്നു.

2:12-13 കർത്താവായ യേശുക്രിസ്തുവിലൂടെ നമുക്കു നൽകപ്പെട്ട 'കൃപ' നമ്മെ ശിക്ഷിച്ചു വളർത്തുന്നു.

തീയതിനെ ഉപേക്ഷിച്ചു നല്ലതിനെ പിൻപറ്റുവാൻ നമ്മെ ഈ കൃപ പഠിപ്പിക്കുന്നു.

(Col 3:9-10)

Col 3:9-10 *അന്യോന്യം ഭോഷ്കു പറയരുതു. നിങ്ങൾ പഴയ മനുഷ്യനെ അവന്റെ പ്രവൃത്തികളോടുകൂടെ ഉരിഞ്ഞുകളഞ്ഞു, തന്നെ സൃഷ്ടിച്ചവന്റെ പ്രതിമപ്രകാരം പരിജ്ഞാനത്തിന്നായി പുതുക്കം പ്രാപിക്കുന്ന പുതിയ മനുഷ്യനെ ധരിച്ചിരിക്കുന്നവല്ലോ.*

ഒരുവൻ ക്രിസ്തുയേശുവിൽ ആകുമ്പോൾ പഴയ മനുഷ്യന്റെ സ്വഭാവത്തെ ഉരിഞ്ഞു കളയുന്നു. പുതിയ മനുഷ്യന്റെ സ്വഭാവത്തെ സ്വീകരിക്കുന്നു. ക്രിസ്തുവിന്റെ സ്വഭാവം നമ്മിൽ ദർശിക്കപ്പെടണം.

ദൈവകൃപയിൽ ജീവിക്കുവാൻ തുടങ്ങുമ്പോൾ എങ്ങനെ പെരുമാറണം, എങ്ങനെ പ്രതികരിക്കണം, എങ്ങനെ സാക്ഷ്യം വഹിക്കണം ഇതെല്ലാം നാം പഠിക്കും.

ദൈവകൃപ ശരിയായ ഒരു ക്രിസ്തീയ ജീവിതത്തിന്റെ ഉടമയാകുവാൻ നമ്മെ പഠിപ്പിക്കും. നമ്മുടെ ദൈവവുമായുള്ള സ്നേഹബന്ധം കൂടുതൽ ഊഷ്മളമാകും.

ഒരു ക്രിസ്ത്യാനി ഭാവിയെ പ്രത്യാശയോടെ നോക്കി ജീവിക്കണം. യേശു ക്രിസ്തുവിന്റെ മടങ്ങിവരവിനായി കാത്തുകാത്തു പാർക്കണം.

ഒരു മഹാരാജാവിന്റെ സന്ദർശന ദിവസത്തിനായി നോക്കി പാർക്കുന്ന അനുഭവം നമ്മിൽ ഉണ്ടാകണം.

fleettech@gmail.com

www.gospelinmalayalam.com

ഒരിക്കൽ ഈ ഭൂമിയിൽ വന്ന് നമ്മുടെ പാപത്തിന് പരിഹാരം വരുത്തി.

നമ്മെ ചേർക്കുവാൻ വീണ്ടും വരും.

ഈ മഹൽ സംഭവത്തിനായി കാത്തുകാത്തിരിക്കുന്ന അനുഭവം നമ്മിൽ ഉണ്ടാകട്ടെ.

2:14 പാപത്തിനു ശിക്ഷയുണ്ട്, പാപത്തിന്റെ ശമ്പളം മരണമത്രെ. അതിക്രമത്തിലും പാപത്തിലും മരിച്ചിരുന്ന നമ്മെ വീണ്ടെടുക്കുവാൻ യേശു മരണം വരിച്ചു. ലോകത്തിന്റെ പാപം ചുമക്കുന്ന ദൈവകുഞ്ഞാടായി യേശു തീർന്നു.

യേശുക്രിസ്തുവിന്റെ യാഗമരണത്തിൽ വിശ്വാസം അർപ്പിച്ച ദൈവമക്കളായി തീർന്ന ഓരോ വ്യക്തിയും സൽപ്രവൃത്തികളിൽ ശുഷ്കാന്തി ഉള്ളവരായിരിക്കണം.

നമുക്കുവേണ്ടി സ്വന്തജീവനെ ബലിയാക്കിത്തീർത്ത നമ്മുടെ വീണ്ടെടുപ്പുകാരനെ പ്രസാദിപ്പിക്കുന്ന ജീവിതലക്ഷ്യം നാം സ്വന്തമാക്കണം.

2:15

1. Titus must teach all things stated in 2 Titus 14.
2. Encourage people and correct them with all authority.
3. Make sure that everyone respects you.

പ്രസംഗിക്കുക. പ്രബോധിപ്പിക്കുക, ശാസിക്കുക.

ദുരുപദേശത്തിന്റെ പിടിയിൽ വീണ വിശ്വാസികൾ അവിടെ ഉണ്ടായിരിക്കാം.

സത്യമായ ഉപദേശത്തെ ശരിയായി ഗ്രഹിക്കാത്തവർ അവരുടെ കൂട്ടത്തിൽ കണ്ടേക്കാം.

അവരെ ഉപദേശിച്ച് ശരിയായ പാതയിൽ കൊണ്ടുവരാൻ ടൈറ്റസിനെ വി. പൗലൂസ് അധികാരപ്പെടുത്തുകയാണ്.

'ദൈവത്തിന്റെ ആലോചന'അധികാരത്തോടുതന്നെ അറിയിപ്പാൻ വി. പൗലൂസ് ടൈറ്റസിനെ ഓർമ്മിപ്പിക്കുകയാണ്.

ടൈറ്റസിനെ ഗൗനിക്കാതെയിരിക്കാനോ, ചെറുതായി കാണുവാനോ ആർക്കും അവകാശമില്ല.

കാരണം തന്നിലൂടെ കൊടുക്കുന്ന ദൂതുകൾ ദൈവത്തിന്റെ ആലോചനകൾ തന്നെ.

അവയെ അർഹിക്കുന്ന പ്രാധാന്യത്തോടെയും അധികാരത്തോടെയും കല്പിക്കുവാൻ ദൈവദാസന് അവകാശം ഉണ്ട്.

fleettech@gmail.com